**File No.DHTVM/2223/2022-EA2**

**'ഭരണഭാഷ - മാതൃഭാഷ'**

**ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ - തിരുവനന്തപുരം**

വിഷയം:- ഹോമിയോപ്പതി വകുപ്പ്-ഹോമിയോപ്പതി ഡയറക്ടറുടെയും അനുബന്ധ കാര്യാലയങ്ങളിലും നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും കത്തുകളിലും മറ്റ് ഔദ്യോഗിക രേഖകളിലും ഉണ്ടാകുന്ന തെറ്റുകൾ ഒഴിവാക്കൽ , തെറ്റുണ്ടായാൽ തിരുത്തൽ നടപടി- വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1)11/06/2015 ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറിയുടെ 28795/എ.ആർ.13(2)/14/ഉ.പഭ.വ നമ്പർ സർക്കുലർ.
2)വിവരാവകാശ നിയമം അപ്പീൽ അപേക്ഷയിന്മേൽ 06/09/2022 ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആ 13) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ മറുപടി.

******************

**ഉത്തരവ് നം. DHTVM/2223/2022-EA2. തീയതി:18/12/2022**

സർക്കാർ ആഫീസുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും കത്തുകളിലും മറ്റു രേഖകളിലും വസ്തുതാപരവും ഘടനാപരവും, ഭാഷാപരവുമായ തെറ്റുകൾ ഉണ്ടാകുന്നതായും ഈ തെറ്റുകൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി സൂചന (1) സർക്കുലർ പ്രകാരം പരാമർശിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ സർക്കാർ ആഫീസുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും കത്തുകളിലും മറ്റ് രേഖകളിലും തെറ്റുകൾ ഉണ്ടാകാതിരിക്കാൻ അതീവ ശ്രദ്ധ പുലർത്തണമെന്നും തെറ്റുകൾ സംഭവിച്ചാൽ തിരുത്തിയ രേഖകൾ ബന്ധപ്പെട്ട അപേക്ഷകർക്ക് നൽകുന്നതിന് സമയപരിധി നിർണ്ണയിക്കേണ്ടതും അതിനകം നൽകാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും സൂചന (1) സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അനുബന്ധ കാര്യാലയങ്ങളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും കത്തുകളിലും മറ്റ് അനുബന്ധ രേഖകളിലും വസ്തുതാപരവും , ഘടനാപരവും, ഭാഷാപരവുമായ തെറ്റുകൾ ഉണ്ടാകാതിരിക്കാതിരിയ്ക്കാൻ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്. തെറ്റുകൾ സംഭവിച്ചത് കണ്ടെത്തുന്ന പക്ഷം 30 ദിവസത്തിനകം ബന്ധപ്പെട്ട ഉത്തരവ്/രേഖകളിൽ വേണ്ട ഭേദഗതികൾ വരുത്തി പുറപ്പെടുവിക്കേണ്ടതാണ് . സമയ ദൈർഘ്യം ആവശ്യമായി വരുന്ന കേസുകളിൽ കാലതാമസംഒഴിവാക്കി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്ന രേഖകൾ അടിയന്തിരമായി നൽകേണ്ടതും ആയതിന്മേലുള്ള നടപടികൾ സ്വീകരിച്ച് 90 ദിവസത്തിനകം വേണ്ട ഭേദഗതികളോടുകൂടി ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ്.

Signature valid
Digitally signed by Vijayambika M N
Date: 2022.12.18 16:03:42 IST
Reason: Approved

M.N.VIJAYAMBIKA
ഡയറക്ടർ

പകർപ്പ്:-എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും/ആശുപത്രി സൂപ്രണ്ടുമാർക്കും/ഹോമിയോ ഡിസ്പെൻസറി ചീഫ് മെഡിക്കൽ ഓഫീസർമാർക്കും, മെഡിക്കൽ ഓഫീസർമാർക്കും.
വെബ് സൈറ്റ്
സി.എ റ്റു ഡി.എച്ച്.ഡി.ഡി/എ.ഒ/എ.എ/സീനിയർ സൂപ്രണ്ട് എസ്റ്റാബ്ലിഷ്മെന്റ്, ജനറൽ/ജൂനിയർ

സൂപ്രണ്ട് എസ്റ്റാബ്ലിഷ്മെന്റ് ബി,പ്ലാനിംഗ്/ഹെഡ് ക്ലാർക്ക് അക്കൗണ്ട്സ് /എല്ലാ സെക്ഷൻ ക്ലാർക്കുമാർക്കും /സ്റ്റോക്ക് ഫയൽ /ഫയൽ.